# കല്ലുങ്കത്ര പടിയോല

"സർവ്വശക്തനായ ആദ്യന്തമില്ലാത്ത മുമ്മത്വത്തിന്റെ തിരുനാമത്താലെ പള്ളികൾ ഒക്കെയുടെയും മാതാവായ അന്ത്യോഖ്യായുടെ പള്ളിയിൽ പത്രോസിനടുത്ത സിംഹാസനത്തിന്മേൽ മുഷ്ക്കരപ്പെട്ടിരിക്കുന്ന തലവരുടെ തലവനും, ഇടയരുടെ ഇടയനും, ബാവാന്മാരുടെ ബാവാനുമായ ബഹുമാനപ്പെട്ട നമ്മുടെ ബാവാ മോറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസിന്റെ കൈവാഴ്ചക്കീഴ ഉൾപ്പെട്ട മലങ്കര ഇടവകയുടെ മെത്രാപ്പോലീത്താ മാർ അത്താനാസ്യോസും, അങ്കമാലി നിരണം ഉൾപ്പെട്ട പള്ളിക്കാരും കൂടി കോട്ടയത്ത് കല്ലുങ്കത്ര ശുദ്ധമാകപ്പെട്ട മാർ ഗീവറുഗീസ് സഹദായുടെ പള്ളിയിൽവെച്ച് 1843-ാമതു കൊല്ലം 1019-ാമാണ്ട് കന്നിമാസം മൂന്നാം തീയതി വെള്ളിയാഴ്ച ദിവസം എഴുതിയ പടിയോല.

മലയാളത്തിൽ സുറിയാനിക്കാരുടെ മേൽ മെത്രാപ്പോലീത്താ ആയിട്ടു പകലോമറ്റം തറവാട്ടിൽ നിന്നുള്ള മാർത്തോമ്മാ മെത്രാനെ ബഹുമാനപ്പെട്ട നമ്മുടെ ബാവാ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ സ്ഥാത്തിക്കോനോടുകൂടി ബാവാന്മാർ മാർ ദീവന്നസ്യോസ് എന്ന നാമധേയത്തിൽ മെത്രാപ്പോലീത്താ ആയിട്ടു വാഴിച്ചു. അദ്ദേഹം സുറിയാനിസഭയെ വിചാരിച്ചുവരുമ്പോൾ 983-ാമാണ്ട് മീനത്തിൽ കാലം ചെയ്തതിന്റെ ശേഷം ആ വകയിലുള്ള മെത്രാന്മാർ 990 ധനുമാസം വരെ പള്ളി വിചാരിച്ചു വന്നാറെ അവരുടെയും കാലം കഴിഞ്ഞതിന്റെ ശേഷം ആ തറവാട്ടിൽ പ്രാപ്തിയുള്ള ആളുകൾ ഇല്ലാതെയും അന്ത്യോഖ്യായിൽ നിന്നു ബാവാന്മാർ വന്നുചേരാതെയും തീരുകയാൽ മുമ്പിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും യോഗക്കാരും കൂടി മലങ്കര ഇടവകയ്ക്ക് പുറത്താക്കിയിരുന്ന കാട്ടുമങ്ങാട്ടു മെത്രാന്മാരുടെ വകയിലുള്ള കിടങ്ങൻ പീലക്സിനോസ് മെത്രാപ്പോലീത്തായോടു കോട്ടയത്ത് സെമിനാരി പണിയിച്ചു പാർത്തിരുന്ന പുലിക്കോട്ട് യൗസേഫ് റമ്പാൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എന്ന സ്ഥാനം ഏറ്റുവരികയും, മെത്രാപ്പോലീത്തന്മാരുടെ മുറയ്ക്കു സ്ഥാനം ലഭിച്ചിട്ടുള്ളതല്ലായ്കയാൽ ജനങ്ങളെക്കൊണ്ട് അനുസരണം വരുത്തുന്നതിനു വേണ്ടി നൂതനമായിട്ട് വിളംബരം ഉണ്ടാക്കിച്ച് അദ്ദേഹത്തെ അനുസരിച്ചു നടക്കേണ്ടതിനു പരസ്യം ചെയ്യിപ്പിച്ചു. ആ നാൾ മുതൽ ആ വകയിൽ മെത്രാന്മാർ പള്ളികൾ വിചാരിച്ചു വരുമ്പോൾ അന്ത്യോഖ്യായിൽ നിന്നു ബഹുമാനപ്പെട്ട പാത്രിയർക്കായുടെ കല്പനയോടുകൂടി സ്ഥാത്തിക്കോൻ മുതലായതുംകൊണ്ട് അത്താനാസിയോസ് മെത്രാപ്പോലീത്തായും റമ്പാൻ സുഭാഖയും 1001-ാമാണ്ട് വൃശ്ചികമാസത്തിൽ മലയാളത്ത് ഇറങ്ങിയതിന്റെശേഷം അന്ന് ഇവിടെ ഉണ്ടായിരുന്ന കിടങ്ങൻ പീലക്സിനോസ് മെത്രാപ്പോലീത്തായും മുഖാന്തരത്താൽ തിരിയെ അയ്ച്ചു അവരുതന്നെ പിന്നെയും വിചാരിച്ചവന്നതും ഇവർക്ക് സ്ഥാന തികവില്ലായ്മയാൽ മേല്പട്ടക്കാരെയും സ്ഥാത്തിക്കോനും അയച്ചു സുറിയാനിസഭയെ ഭരിക്കുന്നതിനും ദീവന്നാസ്യോസ് മെത്രാപ്പോലീത്തയ്ക്കു സ്ഥാനം തികച്ചുകൊടുക്കുന്നതിനും അപേക്ഷിച്ചു. പാത്രിയർക്കീസ് ബാവായുടെ തിരുമനസ്സറിയിക്കുന്നതിനു എഴുതിക്കൊടുത്തയച്ചാറെ മലയാളത്തെ സുറിയാനിസഭയും പള്ളികളും ഭരിക്കുന്നതിന് ബാവാന്മാരെയും മൂറോനും പുസ്തകങ്ങളും കൊടുത്തയയ്ക്കുമെന്നും ആ കല്പന എഴുതപ്പെട്ട നേരം തൊട്ടു നിങ്ങളിൽനിന്നു ഒരുത്തരം ശെമ്മാശ്ശിനെ എങ്കിലും കശ്ശീശായെ എങ്കിലും ഉണ്ടാക്കുന്നതിന് റൂഹാദക്കുദിശാ

യിൽനിന്നും എന്നിൽനിന്നും അനുവദിക്കപ്പെട്ടതാകുന്നില്ല എന്നും മറ്റും പാത്രിയർക്കീസ് ബാവാ കല്പിച്ചു നമുക്കായി എഴുതിയ റിപ്പൊദാ കല്പന മാനൊഹി എന്നവൻ 1016-ാമാണ്ട് കുംഭമാസത്തിൽ തുമ്പമൺ പള്ളിയിൽ കൊണ്ടുവന്നു മേലെഴുതിയ മെത്രാപ്പോലീത്തായുടെ പക്കൽ കൊടുക്കയും വായിച്ചുകണ്ട് അന്നുമുതൽ ഒന്നര സംവത്സരം മുടങ്ങി. കല്പന അനുസരിച്ചു പട്ടംകൊടുക്കാതെ പാർത്തതു പിന്നത്തേതിൽ കല്പന മടുത്തു പട്ടം കൊടുക്കുകയും എല്ലാ പള്ളികളിലും ജനങ്ങളെ ഭിന്നിപ്പിച്ച് കലഹങ്ങൾ ഉണ്ടാക്കുകയും ചെയ്തു വരുന്ന സംഗതിയിൽ മാരാമൺ ഇടവകയിൽ പാലക്കുന്നത്തു മത്തായി ശെമ്മാച്ചൻ ഇവിടെനിന്നു പുറപ്പെട്ടു മർദ്ദീനിൽ ചെന്ന് അന്ത്യോഖ്യായുടെ ബഹുമാനപ്പെട്ട മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായെ കണ്ട് ഇവിടുത്തെ വസ്തുതകൾ ഒക്കെയും അറിയിച്ചാറെ അവിടുത്തെ ഇഷ്ടപ്രകാരം സുന്നഹദോസ് കൂടി വിചാരിച്ച് മുൻ അപേക്ഷപ്രകാരം മലയാളത്തുള്ള സുറിയാനിക്കാരെ ഭരിക്കുന്നതിന് ഇദ്ദേഹത്തെ പട്ടം കെട്ടി അയച്ചാൽകൊള്ളാമെന്നു അവർ നിശ്ചയിച്ചതിൻമണ്ണം അത്താനാസ്യോസ് മെത്രാപ്പോലീത്താ എന്ന സ്ഥാനവും മലയാളത്തേയ്ക്ക് സ്ഥാത്തിക്കോൻ മുതലായതും തിരുവിതാംകൂർ കൊച്ചി രണ്ടു സംസ്ഥാനത്തേക്കും ബഹുമാനപ്പെട്ട ഗവൺമെന്റിലേക്ക് എഴുത്തുകളും കൊടുത്ത് മർദ്ദീനിൽനിന്നും യാത്രയാക്കി.

1018-ാമാണ്ട് ഇടവമാസത്തിൽ കൊച്ചിയിൽ വന്നതിന്റെ ശേഷം കോനോട്ടു മല്പാനും വടക്കേരിൽ ഏതാനും പള്ളിക്കാരും കൂടിച്ചെന്ന് സ്ഥാത്തിക്കോനും കണ്ട് കൈയും മുത്തി കാട്ടുമങ്ങാട്ടു മെത്രാന്മാരുടെ വക വിവരതഇതന് എഴുതിയ കടലാസുകാണിച്ചു പേർപ്പം കൊടുത്തു. പിന്നത്തേതിൽ നിരണത്ത് എത്തിയ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുംകോനാട്ട് മല്പാൻ മുതലായി ഏതാനും പള്ളിക്കാരും കൂടി നിശ്ചയിച്ചു മുൻചിങ്ങമാസം 3-ന് കണ്ടനാട്ടുപള്ളിയിൽ വച്ചു സ്ഥാത്തിക്കോൻ വായിച്ചു മേൽ നടപ്പ് നിശ്ചയിച്ചുകൊള്ളാമെന്നും പറഞ്ഞു ബോധിപ്പിച്ചതിന്മണ്ണം പള്ളികളിലേയ്ക്ക് സാധനം എഴുതുകയും, മുറപ്രകാരം ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും നിരണത്തു പള്ളിക്കാരും മറ്റ് അപ്പോൾ കൂടെയുണ്ടായിരുന്ന പള്ളിക്കാരും അനുസരിച്ച് കൈക്കൊള്ളുകയും കാപ്പ പത്രശീൻ മുതലായത് കൊടുക്കുകയും മേലെഴുതിയ പള്ളിക്കാരു മോതിരം ഇടുകയും ചെയ്തതിന്റെശേഷം സാധനത്തിൻപ്രകാരം അവധിക്ക് എല്ലാവരും കണ്ടനാട്ടുപള്ളിയിൽ കുടിയാറെ കോനാട്ടുമല്പാനും എടവഴിക്കൽ പോത്തൻ കത്തനാരും ചാലിയിൽ കോരയും ഏതാനും മാപ്പിളമാരും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തയും കൂടി ആലോചിച്ച് കല്പനപ്രകാരം സ്ഥാത്തിക്കോൻ വായിക്കാതെയിരിക്കേണ്ടതിന് ഈ അത്താനാസ്യോസ് ബാവായുടെ പേരിൽ ഇവിടെ നടന്നുവരുന്നതിൽ സുറിയാനിമര്യാദകൾക്ക് ക്രമഭേദമുണ്ടെന്നും പറഞ്ഞു മറ്റു കൃത്രിമങ്ങൾ തുടങ്ങി ചില പള്ളിക്കാരെയും അയച്ചതിന്റെ ശേഷം മുൻവന്ന കല്പന മറുത്തു പട്ടകൊട മുതലായതു ചെയ്തുവരുന്ന തപ്പിതത്തിലും അധികമായിട്ടുള്ള നേരുകേടുകൾ നിശ്ചയിച്ചിരിക്കുന്നതാകുന്നു എന്നുകണ്ടു അത്താനാസ്യോസ് ബാവായും നമ്മളുംകണ്ടനാട്ടുനിന്നും പിരിഞ്ഞ് ഇവിടെവന്നു. എല്ലാവരും കൂടി സത്യമായിടം മറയായിട്ടും ഉള്ള സ്ഥാനത്തെ കല്പന അനുസരിച്ച് നടക്കേണ്ടതിനും കണ്ടനാട്ടുവച്ച് പറഞ്ഞുകേട്ട വിവതുകളുടെ വിവരത്തെക്കൊണ്ട് ആലോചിച്ചു നിശ്ചയിച്ച കാര്യങ്ങൾ താഴെ എഴുതുന്നു.

ഒന്നാമതു മലയാളത്തിലുള്ള യാക്കോബായ സുറിയാനിക്കാരായ നമ്മൾ അന്ത്യോഖ്യായുടെ ശുദ്ധമാകപ്പെട്ടതും ബഹുമാനപ്പെട്ടതുമായ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസ് ബാവായുടെ കൈക്കീഴുള്ളവരും മുമ്പിനാലെ അവിടെനിന്നു ബഹുമാനപ്പെട്ട ബാവാന്മാരും പ്രധാനിയായ ക്രിസ്ത്യാനി തോമ്മാ മുതലായ ആളുകളും വന്നു നമ്മേയും നമ്മുടെ പള്ളികളെയും സംരക്ഷണം ചെയ്തു നമുക്കും പള്ളികൾക്കും വേണ്ടുന്ന വസ്തുക്കളെയും തന്നു തലമുറ തലമുറയായി (പൊടിവ്) വരുന്ന ക്രമംപോലെ ബഹുമാനപ്പെട്ട ബാവായിൽനിന്നു പട്ടംകെട്ടി അയയ്ക്കുന്ന മേല്പട്ടക്കാറരെ നാം കൈക്കൊള്ളുവാനുള്ളതാക കൊണ്ടു ഇപ്പോൾ അയച്ചിരിക്കുന്ന അത്താനാസ്യോസ് ബാവായെ സ്ഥാത്തിക്കോൻ കണ്ടതിന്മണ്ണം നാം കൈക്കൊള്ളുവാൻ യാക്കോബായ സുറിയാനിക്കാരായ നമ്മുടെ ബാവാന്മാരുടെ മുറപോലെ നമ്മെയും നമ്മുടെ പള്ളികളെയും നടത്തിപ്പാനുള്ളതാകുന്നു.

രണ്ടാമത് ഇവിടെ നടന്നുവരുന്നതിൽ സുറിയാനി മര്യാദകൾക്ക് ക്രമഭേദമുണ്ടെന്നു കണ്ടനാട്ടുവച്ചു പറഞ്ഞുകേട്ട സംഗതിക്കൊണ്ട് ആലോചിച്ചാറെ ശുദ്ധമാനപുസ്തകത്തിൽ പ്രകാരം നിഖ്യയിലും കുസ്തന്തീനോസ് പോലീസിലും എഫേസൂസിലുമുണ്ടായ മൂന്നു സുനോദോസിന്റെ (പൊടിവ്) അന്ത്യോഖ്യായുടെ സഭയിൽ ശുദ്ധമാകപ്പെട്ട ബാവാന്മാരു നടത്തിവരുന്ന ക്രമം പോലെയും ഇപ്പോൾ വന്നിരിക്കുന്ന സ്ഥാത്തിക്കോൻ പോലെയും നടക്കയും നടത്തിക്കയും ചെയ്തുകൊള്ളുന്നു.

മൂന്നാമതു മേല്പറഞ്ഞ എഴുതിയിരിക്കുന്നതിന്മണ്ണം നടക്കയും നടത്തിക്കയും ചെയ്യുന്നനാൾ ഒക്കെയും ഈ അത്താനാസ്യോസ് ബാവായുടെയും ബഹുമാനപ്പെട്ട മോർ ഇഗ്നാത്തിയോസ് ബാവായുടെ  കല്പനപ്രകാരം സ്ഥാത്തിക്കോനോടുകൂടി ഉണ്ടായിരുന്ന മേല്പട്ടക്കാരെയും അനുസരിച്ചുകൊള്ളുമെന്നും പരസ്പരം ഏകീകരിച്ചു നടന്നുകൊള്ളുവാനും ഇതുവരെ നടന്നുവന്നിരിക്കുന്ന കാട്ടുമങ്ങാടൻ വക മെത്രാന്മാരുടെ പേർക്ക് സർക്കാരിൽനിന്നു ഉണ്ടായിരിക്കുന്ന തിരുവെഴുത്തു വിളംബരത്തിന്റെ സംഗതി തിരുമനസ്സറുവിച്ചു നിലവരുത്തിക്കൊള്ളുവാനുള്ളതെന്നും നിശ്ചയിച്ചു വരിയോല എഴുതി.

ചെങ്ങന്നൂർ, കായംകുളം, തുമ്പമൺ, കല്ലൂപ്പാറ, കല്ലട, കൊട്ടാരക്കര, ചാത്തന്നൂർ, കാർത്തികപ്പള്ളി, കല്ലൂച്ചേരി, കടമ്പനാട്, പുത്തൻകാവ്, ഓമല്ലൂർ, കണ്ണൻകോട്, കുണ്ടറ, തേവലക്കര, ചേപ്പാട്, വെൺമണി, മാരാമണ്ണ്, കോഴഞ്ചേരി, തിരുവല്ല, റാന്നി, കല്ലുങ്കത്ര.

(ഈ പടിയോലപ്പകർപ്പു കല്ലുങ്കത്ര പള്ളിവികാരി ദിവ്യശ്രീ ചാലാശ്ശേരിൽ യൗസേഫ് കശ്ശീശായുടെ (വല്യച്ചൻ) പക്കൽനിന്നും കിട്ടിയിട്ടുള്ളതാണ്).